# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3628

## 23-08-2017 ൽ മറുപടിക്ക്

## ഉദുമ നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) ഉദുമ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ എല്ലാ പ്രീമെട്രിക് -പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിക്കുന്ന പദ്ധതിയുടെ ഭാഗമായി ഉദുമ നിയോജക മണ്ഡലത്തിലെ ബേഡടുക്ക പഞ്ചായത്തിൽ 100 വിദ്യാർത്ഥികൾക്കു വേണ്ടി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് എന്നിവ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അവ ന്യൂനതകൾ പരിഹരിച്ച് പുന:സമർപ്പിക്കുന്നതിന് പദ്ധതി നിർവഹണ ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| (ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും, ഈ പ്രവൃത്തികളുടെ ടെൻണ്ടർ നടപടികൾ നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേന യാണെന്നും ഇനം തിരിച്ചും വകുപ്പ് തിരിച്ചും വിശദമാക്കുമോ? | മേൽ സൂചിപ്പിച്ചിട്ടുള്ള (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഉദുമ നിയോജക മണ്ഡലത്തിലെ മറ്റ് കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളൊന്നും കിഫ്ബിയിൽ ലഭ്യമായിട്ടില്ല. 08-08-2016 ലെ സ.ഉ (കൈ) നം.315/16/ധന ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കിഫ്ബോർഡിന്റെ അംഗീകാരം / അനുമതി ലഭ്യമാക്കിയതിന് ശേഷമേ ടെന്റർ മുതലായ നടപടികളുമായി ബന്ധപ്പെട്ട എസ്.പി.വികൾക്ക് മുന്നോട്ടു പോകാനാകൂ. നിലവിൽ പ്രീമെട്രിക് -പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്ന പദ്ധതിയുടെ എസ്.പി.വി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ആണ്. |

സെക്ഷൻ ഓഫീസർ